Page 1 of 1

(ബി) നിയമ വകുപ്പിന്റെ പരിശോധന ഇല്ലാതെയും ചീഫ് സെക്രട്ടറിയും വകുപ്പുമന്ത്രിയും അറിയാതെയും ഇത്തരം കരാറുകളിൽ ഏർപ്പെടുവാൻ വകുപ്പ് സെക്രട്ടറിമാർക്ക് അധികാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ കരാറുണ്ടാക്കിയതായി പറയപ്പെടുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ-സി) കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് ബാധിതരുടെ വിവരശേഖരണങ്ങളും അതിനനുസരിച്ചുള്ള നിർവ്യാപന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് Sprinklr.inc എന്ന കമ്പനിയെ ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് സഹകരിപ്പിച്ചതിനെ തുടർന്ന് പൊതുസമൂഹത്തിൽ ഉയർന്നുവന്ന വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റികൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടുകളിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും സർക്കാർ പരിശോധിച്ചുവരുന്നു.

സി-ഡിറ്റിന്റെ പ്രവർത്തനങ്ങളിന്മേൽ പരാതി

54 (54) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സി-ഡിറ്റിൽ അഴിമതി, നിയമ വിരുദ്ധവും ക്രമവിരുദ്ധ/ചട്ടങ്ങൾ ലംഘിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നതായി ആരോപിച്ച് സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ നൽകിയ 25-6-2021-ലെ സി.ഇ.ഒ. 2021/8 നമ്പർ പരാതി ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എന്തൊക്കെ വിഷയങ്ങളാണ് പരാതിയായി ലഭിച്ചിട്ടുള്ളത്?

പൊതുവായ പ്രവർത്തനം, പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കൽ, ജീവനക്കാരുടെ പ്രവർത്തനങ്ങളിലെ ന്യൂനത തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണ് പരാതി.

(സി) പ്രസ്തുത വിഷയങ്ങളിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പരാതി പരിശോധനയിലാണ്.

വയനാട് ജില്ലയിലെ ഇന്റർനെറ്റ് കണക്ഷൻ

55 (55) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി മേഖലകളിൽ ഉൾപ്പെടെ ഇന്റർനെറ്റ് കണക്ഷൻ വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly